# ഇൻഫോ–പാർക്കിൽ ഇളനീർ പാർലർ തുറന്നു

കൊച്ചി: നാളികേര വികസന ബോർഡുമായി ചേർന്ന് ഇൻഫോ പാർക്കിൽ ആരംഭിച്ച ഇളനീർ പാർലറിന് ആദ്യദിവസം തന്നെ വളരെ മികച്ച പ്രതികരണം. പാലക്കാട് മുതലമടയിലെ നാളികേര ഉൽപ്പാദകസംഘമാണ് ഇളനീർ പാർലർ നടത്തുന്നത്. ഇൻഫോ പാർക്കിന്റെ സിഇഒ ജിജോ, ഇൻഫോ പാർക്ക് സീനിയർ സാങ്കേതിക ഉപദേഷ്ടാവ് കെ കുര്യൻ, കേന്ദ്ര കാർഷികമന്ത്രാലയത്തിന്റെ അഡീഷണൽ കമീഷണർ ഓംപ്രകാശ്, നാളികേര വികസനബോർഡ് അംഗങ്ങൾ തുടങ്ങിയവർ ഉദ്ഘാടനച്ചടങ്ങിൽ പങ്കെടുത്തു.

ഇൻഫോ പാർക്കിലെ ഇക്സ്പ്രസ്വേയിലാണ് പാർലർ. രാവിലെ ഒമ്പതുമുതൽ ആറുവരെ തുറന്നു പ്രവർത്തിക്കും. രാജ്യത്തുടനീളം അയ്യായിരത്തോളം പാർലറുകൾ തുടങ്ങാനാണ് ബോർഡിന്റെ ലക്ഷ്യം.